# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **15/03/2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : *332**

**സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| | | | |
|---|---|---|---|
| | **ശ്രീ. പി. ഉണ്ണി**<br>**ശ്രീ. റ്റി.വി. രാജേഷ്**<br>**ശ്രീ. കെ. ദാസൻ**<br>**ശ്രീ. സി.കെ.ശശീന്ദ്രൻ** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | **ചോദ്യം** | | **മറുപടി** |
| (എ) | സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി വ്യവസായിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വ്യവസായ ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകൾ നവീകരിക്കുന്നതിനും വൈദ്യുതി, ജല സൗകര്യം, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, പൊതു സേവന കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സ്ഥിരമായി ബഡ്ജറ്റിൽ വിഹിതം നൽകി പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | വ്യവസായം ആരംഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതി സമയബന്ധിതമായി നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ സൗഹൃദമേഖലയായി മാറ്റുന്നതിനുമായി നിലവിലുള്ള നിയമങ്ങളിലും, ചട്ടങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങളും വരുത്തുന്നതിനായി ' ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ' നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരുന്നു. കേന്ദ്ര സർക്കാരിനു കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി) -ന്റെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ വ്യവസായ അന്തരീക്ഷം |

| | | | |
|---|---|---|---|
| | | | കൂടുതൽ മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി കെ.എസ്.ഐ.ഡി.സി. യെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്.<br>ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും അപേക്ഷ ഫോമുകൾ ഏകീകരിച്ചു കൊണ്ട് ഓൺലൈൻ വഴിയുള്ള ഒരു പൊതു അപേക്ഷ ഫോം(CAF) നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ.ഐ.സി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കെട്ടിട നിർമ്മാണ പ്ലാൻ അംഗീകരിക്കുന്നതിനും അനുമതി പത്രം വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി ഒരു ഇന്റലിജന്റ് സോഫ്റ്റ് വെയർ പദ്ധതി നടപ്പിലാക്കുന്നതാണ്.<br>നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം ഇൻവെസ്റ്റമെന്റ് ആന്റ് ഫസിലിറ്റേഷൻ സെന്റർ (IPFC) വഴി ശാക്തീകരിക്കുന്നതാണ്.<br>ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു സ്ഥിരം സെൽ രൂപീകരിക്കുന്നതാണ്. |
| (സി) | പശ്ചാത്തല സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; വ്യവസായ ഇടനാഴി രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | കൊച്ചി - പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വ്യവസായ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി കിൻഫ്ര വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ<br>2. വ്യവസായ പാർക്ക്, മട്ടന്നൂർ<br>3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്<br>4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>5. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br>7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്<br>8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ<br>9. കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം<br>10. ഫിലിം & വീഡിയോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയുടെ രണ്ടാംഘട്ട വികസനം<br>11. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം<br>12. ഫുഡ് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട് |

സെക്ഷൻ ഓഫീസർ